LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടവടികൾ

പതിനൊന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

2005 ജൂലായ് 28, വ്യാഴം

വാല്യം CXXV] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 18

നിയമസഭ 2005 ജൂലായ് മാസം 28-ാം തീയതി വ്യാഴാഴ്ച രാവിലെ 11.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. തേറമ്പിൽ രാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

മി. സ്പീക്കർ: ഓർഡർ.....ഓർഡർ

I. ശ്രദ്ധക്ഷണിക്കൽ

(1) എറണാകുളം ജില്ലയിലെ പൊതുമേഖലാ സ്ഥാപനങ്ങളും നേരിടുന്ന പ്രതിസന്ധി പരിഹരിക്കേണ്ടതിന്റെയും തൊഴിലാളികളുടെ ആനുകൂല്യങ്ങളും പരിഷ്കരിക്കേണ്ടതിന്റെയും ആവശ്യകത

ശ്രീ. സാജു പോൾ: അഭിവന്ദ്യനായ രാഷ്ട്രപതി ഡോ. എ. പി. ജെ. അബ്ദുൾ കലാം സാക്ഷരസുന്ദരമായ നമ്മുടെ കൊച്ചു കേരളത്തെ നൂതന വികസന സംസ്കാരത്തിലേക്ക് നയിക്കാൻ തക്കവണ്ണമുള്ള പ്രൗഢഗംഭീരമായ പ്രഭാഷണമാണ് ഇന്ന് നമുക്കുവേണ്ടി നടത്തിയത്. ഈ ദിവസം സഭയിൽ എറണാകുളം മേഖലയിലെ കേന്ദ്ര-കേരള പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച് സംസാരിക്കാൻ അവസരം കിട്ടിയതിൽ അതിയായ സന്തോഷമുണ്ട്. കേരളത്തിന്റെ സാമ്പത്തിക സ്ഥിതി ഗുരുതരമാകുമ്പോഴും തൊഴിലില്ലായ്മ രൂക്ഷമാകുമ്പോഴും പരിഗണിക്കപ്പെടാത്ത, ശ്രദ്ധിക്കപ്പെടാത്ത, മേഖലയായി ഇന്ന് നമ്മുടെ കേന്ദ്ര—സംസ്ഥാന പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ മാറിയിരിക്കുന്നു. അങ്ങയുടെ നിർദ്ദേശം മാനിച്ചുകൊണ്ട് ഏറ്റവും ചുരുക്കി മാത്രമേ വളരെ ഗൗരവകരമായി കേരളത്തെ പൊതുവിൽ ബാധിക്കുന്ന ഈ പ്രശ്നത്തെക്കുറിച്ച് ഞാൻ സംസാരിക്കുന്നുള്ളൂ. ബഹുമാന്യനായ വ്യവസായ വകുപ്പുമന്ത്രി എറണാകുളത്തുള്ള വ്യവസായ മേഖലകളുമായും ട്രേഡ് യൂണിയൻ പ്രസ്ഥാനങ്ങളുമൊക്കെയായി വളരെ ബന്ധമുള്ള ആളാണ്. അദ്ദേഹം മുഖ്യമന്ത്രിയെപ്പോലെ തന്നെ ഉത്തരവാദിത്തത്തോടുകൂടി ഇക്കാര്യത്തിൽ പ്രതികരിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. എറണാകുളം ജില്ലയിൽ കേന്ദ്ര പൊതുമേഖലയിൽ പതിനയ്യായിരവും സംസ്ഥാന പൊതുമേഖലയിൽ പതിനായിരവും തൊഴിലാളികളുണ്ട്; കൂടാതെ ജീവനക്കാരും താൽക്കാലിക ജീവനക്കാരും അതിനുപുറമേയാണ്. ഈ മേഖലയിലെ നിരവധി സ്ഥാപനങ്ങളെക്കുറിച്ചും ഓരോ സ്ഥാപനവും നേരിടുന്ന പ്രതിസന്ധിയെ

പറഞ്ഞും സൂക്ഷ്മമായി വിശകലനം ചെയ്യാൻ ഞാൻ ഈ അവസരം ഉപയോഗിക്കുന്നില്ല. നമ്മുടെ പൊതുമേഖലാ സ്ഥാപനങ്ങൾ പ്രധാനമായും നേരിടുന്ന പ്രശ്നങ്ങളിലൊന്ന് ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയാണ്; രണ്ട്, വൈവിദ്ധ്യവൽക്കരണത്തിന്റേയും ആധുനിക വൽക്കരണത്തിന്റേയും അഭാവം; മൂന്ന്, വർഷങ്ങളായി നിയമനങ്ങൾ നിറുത്തിവച്ചിരിക്കുന്നതുമൂലമുള്ള പ്രശ്നങ്ങൾ; നാല്, ശമ്പള വർദ്ധനവോ കാലാനുസൃതമായ ആനുകൂല്യങ്ങളോ നൽകാത്തതുമൂലമുള്ള പ്രയാസങ്ങൾ; അഞ്ച്, അഴിമതിയും ധൂർത്തും പ്രൊഫഷണൽ മാനേജുമെന്റും ഇല്ലാത്തതുമൂലമുള്ള പ്രശ്നങ്ങൾ അതുപോലെതന്നെ മിസ്മാനേജ്മെന്റും. ഈ സ്ഥാപനങ്ങളെ തകർച്ചയിലേക്ക് നയിക്കുന്നു. ഇവയെല്ലാം കൃത്രിമ നഷ്ടം സൃഷ്ടിച്ച് സ്വകാര്യവൽക്കരണത്തിന് കളമൊരുക്കുന്നു. പൊതുമേഖലാ സ്ഥാപനങ്ങളെക്കുറിച്ചും പരമ്പരാഗത രംഗങ്ങളെപ്പറ്റിയും വാഗ്ദാനങ്ങളും വാചക കസർത്തുകളുമല്ലാതെ ക്രിയാത്മകമായ നടപടികളില്ല. ബഹുമാന്യയായ ശ്രീമതി ടീച്ചർക്ക് ബഹുമാനപ്പെട്ട വ്യവസായ വകുപ്പു മന്ത്രി നൽകിയ മറുപടിയിൽ മുൻ എൽ. ഡി. എഫ്. സർക്കാരിന്റെ കാലത്ത് 1899 കോടി രൂപ നിക്ഷേപമുണ്ടായ സ്ഥാനത്ത് യു.ഡി.എഫ്. സർക്കാരിന് നേടാനായത് 1198 കോടി രൂപയാണ് എന്ന് വ്യക്തമാക്കുകയുണ്ടായി. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഒരു രൂപപോലും നിക്ഷേപം ഉണ്ടായില്ല എന്നും നിയമസഭയിൽ മറുപടി നൽകുകയുണ്ടായി. ബഹുമാനപ്പെട്ട മുൻ പ്രധാനമന്ത്രി അടൽബിഹാരി വാജ്പേയി പ്രഖ്യാപിച്ച കുമരകം പാക്കേജോ ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റിൽ പ്രഖ്യാപിച്ച പതിനായിരം കോടി രൂപയുടെ നിക്ഷേപമോ നമ്മുടെ സംസ്ഥാനത്തിന് ഇതുവരെ ലഭിച്ചില്ല. കേന്ദ്രമെന്നാൽ ഇന്ന് കേരളത്തിന്റെ അനുഭവത്തിൽ നമുക്ക് അപേക്ഷിക്കാനും അവർക്ക് ഉപേക്ഷിക്കാനുമുള്ള സംവിധാനം എന്നായിത്തീർന്നിരിക്കുകയാണ്. എച്ച്. എം. ടി.-യിൽ മുൻപ് 3500 ജീവനക്കാരുണ്ടായിരുന്നു ഇപ്പോൾ കേവലം 800 ജീവനക്കാർ മാത്രമാണുള്ളത്. 500 ഏക്കർ സ്ഥലമുള്ള അവിടെ 1984-നുശേഷം ഒരു നിയമനം പോലും നടന്നിട്ടില്ല. അതുപോലെതന്നെ വൈവിദ്ധ്യവൽക്കരണത്തിനും റിസർച്ച് വിഭാഗത്തിനും ഉണ്ടായിരുന്ന സംവിധാനങ്ങൾ നിർത്തലാക്കപ്പെട്ടു. വല്ലാർപാടം കണ്ടയിനർ ടെർമിനൽ പ്ലാന്റ് കേരളത്തിലെ ബഹുമാന്യരായ എം. പി.-മാരും മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവുമൊക്കെ ഇടപെട്ട് നമുക്ക് ലഭിച്ച കെ. ബി. പി. എസ്.-ൽ കുറേ പുരോഗതിയുണ്ട്. ടി. സി. സി.-യിൽ പുതിയ പ്ലാന്റ് വന്നിട്ടുള്ളതും വിസ്മരിച്ചുകൊണ്ടല്ല ഞാൻ ഇത് പറയുന്നത്. ടെൽക്ക്, ബാംബൂ കോർപ്പറേഷൻ തുടങ്ങിയ സ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിനുള്ള നടപടിയുണ്ടാകണം. കൊച്ചിൻ കപ്പൽശാല, എച്ച്. ഒ. സി., കെ. ആർ. എൽ., എച്ച്. ഐ. എൽ്. എന്നിവയും പ്രതിസന്ധിയിലാണ്. എച്ച്. ഐ. എൽ. കമ്പനി എൻഡോസൾഫാൻ ഉല്പാദിപ്പിച്ച് ഇൻഡ്യയിൽ വിറ്റഴിക്കുന്നില്ല. പൂർണ്ണമായും കയറ്റുമതി ചെയ്യുകയാണ്. സുപ്രീംകോടതിയുടെ മോണിറ്ററിംഗ് കമ്മിറ്റി ഈ സ്ഥാപനം അടച്ചുപൂട്ടാൻ ഉത്തരവിട്ടിരിക്കുകയാണ്. ഇൻഡാൽ രണ്ട് വർഷമായി പ്രവർത്തിക്കുന്നില്ല. റയോൺസ് നാല് വർഷമായി പൂട്ടികിടക്കുന്നു. ഇങ്ങനെ സ്വകാര്യ മേഖലയിലും നിരവധിയായ പ്രശ്നങ്ങളുണ്ട്. ഓയിൽ മേഖലയിലും റെയിൽവെ രംഗത്തും പ്രശ്നങ്ങൾ രൂക്ഷമാവുകയാണ്. വർഷങ്ങളായി എച്ച്. എം. ടി.-യിൽ യാതൊരു വിധത്തിലുള്ള വേതന വർദ്ധനവുമുണ്ടായിട്ടില്ല. എഫ്. എ. സി. ടി.-യുടെ കാര്യത്തിൽ കേന്ദ്ര സർക്കാർ കൃത്യമായ നടപടി സ്വീകരിച്ച് മുന്നോട്ടു പോകാത്തതുമൂലം ഏഴായിരത്തോളം സ്ഥിരം തൊഴിലാളികളും അതിലേറെ കരാർ തൊഴിലാളികളും ആശങ്കയിലാണ്. പൊതുമേഖലാ സ്ഥാപനങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

നേരിടുന്ന പ്രശ്നങ്ങളും ഗവൺമെന്റ് ഗൗരവമായി എടുക്കണം. 40 കോടി രൂപയുടെ 'കിർഫ' ലോൺ സർക്കാരിന്റെ ഓഹരിയാക്കി മാറ്റിയതിൽ ടി. സി. സി. രക്ഷപ്പെടും. സർക്കാർ ക്രിയാത്മകമായ നടപടികളും സ്വീകരിച്ച് കേന്ദ്രത്തിലെ അനുകൂല രാഷ്ട്രീയാന്തരീക്ഷം ഉപയോഗപ്പെടുത്തി കേരളത്തിന്റെ വരുമാന സ്രോതസുകളായി, രക്തധമനികളായി, ഏറ്റവും വലിയ തൊഴിൽദാതാക്കളായി നിലനിൽക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ രക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. ടെൽക്കും ബാംബൂ കോർപ്പറേഷനും ഉൾപ്പെടെയുള്ളവയെ സംരക്ഷിക്കാൻ ഗവൺമെന്റ് അടിയന്തിര നടപടി സ്വീകരിക്കണമെന്നാണ് ഈ ശ്രദ്ധക്ഷണിക്കലിലൂടെ എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, ബഹുമാനപ്പെട്ട സാജുപോൾ ഉന്നയിച്ച ഈ ശ്രദ്ധ ക്ഷണിക്കലിൽ ഒരു കാര്യം സൂചിപ്പിച്ചത് വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. എൽ. ഡി. എഫ്. ന്റെ കാലത്തും യു. ഡി. എഫ്. ന്റെ കാലത്തും വന്ന നിക്ഷേപത്തെ സംബന്ധിച്ച് അദ്ദേഹം പറയുകയുണ്ടായി. അത് ഒരു അൺ-സ്റ്റാർഡ് ക്വസ്റ്റ്യനിൽ പറഞ്ഞ വിവരങ്ങളാണ്. അതിന്റെ ഒരു കറക്ഷൻ സ്റ്റേറ്റ്മെന്റ് ബഹുമാനപ്പെട്ട സ്പീക്കർക്ക് നൽകുന്നതാണ്. ട്രാൻസ്ഫോർമേഴ്സ് ആൻഡ് ഇലക്ട്രിക്കൽസ് കേരള ലിമിറ്റഡ്, ഫോസ്റ്റർ ഇൻഡസ്ട്രീസ് (ട്രാവൻകൂർ) ലിമിറ്റഡ്, കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ, കേരള ഇലക്ട്രിക്കൽ ആൻഡ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ്, ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ്, ട്രാക്കോ കേബിൾസ് കമ്പനി ലിമിറ്റഡ് എന്നീ പൊതുമേഖലാ സ്ഥാപനങ്ങളും എറണാകുളം ജില്ലയിലാണ്. ഈ സ്ഥാപനങ്ങളും ഇപ്പോഴും പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. അവയിൽ ടെൽക്കിന്റേയും ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസിന്റേയും ശമ്പള പരിഷ്ക്കരണം സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എഫ്. എ സി. ടി. യുടെ കാലാവധി കഴിഞ്ഞ ദീർഘകാല കരാർ പുതുക്കുന്നത സംബന്ധിച്ച് ഉടൻ തീരുമാനമെടുക്കുന്നതാണ്. ട്രാക്കോ കേബിൾസ്, ബാംബൂ കോർപ്പറേഷൻ, കെൽ എന്നിവിടങ്ങളിലെ ശമ്പള പരിഷ്ക്കരണം കമ്പനികൾ ലാഭത്തിലാകുന്ന മുറയ്ക്ക് ഉല്പാദനക്ഷമതയുമായി ബന്ധപ്പെട്ട് പരിഗണിക്കുന്നതാണ്. പാലക്കാട് മേഖലയിൽ പ്രവർത്തിക്കുന്ന കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷനെ പുനരുദ്ധരിക്കാനുള്ള പദ്ധതി റിയാബിനോട് സമർപ്പിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. എറണാകുളം ജില്ലയിലെ പല പൊതുമേഖലാ സ്ഥാപനങ്ങൾക്കും ധനകാര്യ സ്ഥാപനങ്ങൾക്കും പി. എഫ്. സ്റ്റാറ്റ്യൂട്ടറി പേമെന്റ് തുടങ്ങിയ ഇനങ്ങളിൽ ഭീമമായ തുക നൽകാനുള്ളതിനാൽ ഈ പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിനായി പ്രായോഗികവും ക്രിയാത്മകവുമായ നടപടികളും ഒരു അഭിപ്രായ സമന്വയത്തിന്റെ അടിസ്ഥാനത്തിൽ അവലംബിക്കേണ്ടിവരും. കൊച്ചിൻ റിഫൈനറീസ് ലിമിറ്റഡ്, എഫ്. എ. സി. ടി., കൊച്ചിൻ ഷിപ്പ്യാർഡ്, ഹിന്ദുസ്ഥാൻ ഓർഗാനിക് കെമിക്കൽസ് ലിമിറ്റഡ്, ഹിന്ദുസ്ഥാൻ ഇൻസെക്റ്റി സൈഡ്സ് ലിമിറ്റഡ്, എച്ച്. എം. ടി., ഇന്ത്യൻ റെയർ എർത്ത്സ് എന്നിവയാണ് എറണാകുളം ജില്ലയിലെ പ്രധാനപ്പെട്ട കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ. ഇതിൽ എഫ്. എ. സി. ടി., എച്ച്. എം. ടി., എച്ച്. ഐ. എൽ. തുടങ്ങിയവ ഇപ്പോഴും വലിയ പ്രതിസന്ധിയെ അഭിമുഖീകരിക്കുകയാണ്. സുപ്രീംകോടതിയുടെ ഫോണിറ്റിംഗ് കമ്മിറ്റി

LIBRARY ARCHIVES Kerala Legislative Assembly

പരിസ്ഥിതിക്കും പരിസരമലിനീകരണത്തിനും പരിഹാരം കണ്ടെത്തണമെന്ന് പല വ്യവസായ സ്ഥാപനങ്ങളോടും ആവശ്യപ്പെട്ടിട്ടുണ്ട്. ഇവയിൽ എച്ച്.ഐ.എൽ.-ന്റെ പ്രവർത്തനം 5 വർഷത്തേക്ക് നിർത്തിവയ്ക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിനെ സംബന്ധിച്ച് ബന്ധപ്പെട്ടവരുടെ യോഗം മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഇന്നലെ നടന്നുകഴിഞ്ഞു. കമ്പനികൾ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനായി അവർ സമർപ്പിക്കുന്ന നിർദ്ദേശങ്ങളും സർക്കാർ അനുഭാവപൂർവ്വം പരിഗണിക്കുന്നതാണ്.

ശ്രീ. സാജുപോൾ: സർ, ഇവിടെ ബഹുമാനപ്പെട്ട മന്ത്രി മുമ്പ് കൊടുത്ത ചോദ്യത്തിനു മറുപടിയിൽ കറക്ഷൻ ഉണ്ടെന്ന് പറഞ്ഞു. യഥാർത്ഥ നിക്ഷേപം എത്രയാണെന്നു വെളിപ്പെടുത്താൻ കഴിയുമോ? തൊഴിൽ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് അവിടെ നിരവധി സ്ഥാപനങ്ങളിൽ സേവ് എഫ്.എ.സി.ടി., സേവ് ഷിപ്പ്യാർഡ് തുടങ്ങി അനേകം പ്രസ്ഥാനങ്ങളും എല്ലാവരുടേയും യോജിച്ച വേദി എന്ന നിലക്ക് പ്രവർത്തിക്കുന്നുണ്ട്. അതുപോലെതന്നെ എം.പി.-മാരും എം.എൽ.എ.-മാരും ഉൾപ്പെടെയുള്ള ജനപ്രതിനിധികളും ട്രേഡ് യൂണിയൻ നേതാക്കൻമാരും രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ സമുന്നത സാരഥികളും ഉൾപ്പെടെ വിപുലമായ ചർച്ച നടത്തി ഈ പ്രശ്നം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽ ഗൗരവമായി കൊണ്ടുവരാൻ അങ്ങ് ശ്രമിക്കുമോ?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സർ, കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടേയും സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടേയും പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് എം.പി.-മാർ, എം.എൽ.എ.-മാർ ഉൾപ്പെടെയുള്ള ജനപ്രതിനിധികളുടെ യോഗം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ വിളിച്ചുചേർക്കാൻ ഗവൺമെന്റ് സന്നദ്ധമാണ്. കറക്ഷൻ സ്റ്റേറ്റ്മെന്റ് കൊടുത്തതിനുശേഷമേ ഉത്തരത്തിന്റെ കാര്യം വെളിപ്പെടുത്താൻ സാധിക്കുകയുള്ളൂ.

(2) നാണ്യവിളകളുടെ കയറ്റുമതി പ്രോൽസാഹിപ്പിക്കൽ

ശ്രീ. ഇ. എം. അഗസ്തി: സർ, നാണ്യവിളകളുടെ കയറ്റുമതി പ്രോത്സാഹിപ്പിക്കാനേ കേന്ദ്രഗവൺമെന്റ് പദ്ധതികളുടെ പ്രയോജനം ലഭ്യമാക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഒരു ഉന്നതതല സമിതി രൂപീകരിക്കണമെന്ന ആവശ്യകതയാണ് ഞാൻ ഈ കാളിംഗ് അറ്റൻഷനിലൂടെ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്. നമുക്ക് ഏവർക്കും അറിയാവുന്നതുപോലെ കേരള സംസ്ഥാനത്തിന്റെ സമ്പദ്ഘടന നിലനിൽക്കുന്നത് നാണ്യവിളകളെ ആശ്രയിച്ചാണ്. നമ്മുടെ പ്രധാന നാണ്യവിളകളായ തേയില, കാപ്പി, ഏലം, കുരുമുളക്, വാനില എന്നിവയെല്ലാം ആഭ്യന്തര വിപണിയിൽ ഉപയോഗക്കുറവുള്ളതും വിദേശ വിപണിയെ ആശ്രയിച്ച് നിലനിൽക്കുന്നതുമാണ്. എക്സ്പോർട്ട് ഓറിയൻറഡ് പ്രൊഡക്ട്സാണ് കേരളത്തിന്റെ സമ്പദ്ഘടന നിലനിർത്തുന്നത്. കയറ്റുമതിയുടെ നയങ്ങൾ രൂപീകരിക്കുന്നതിലും സമ്പദ്ഘടനയെ നിലനിർത്തുന്നതിലും സംസ്ഥാന ഗവൺമെന്റിന് ഇപ്പോൾ കാര്യമായ പങ്കില്ല. വിദേശ വ്യാപാരം പൂർണ്ണമായും കേന്ദ്രഗവൺമെന്റിന്റെ നിയന്ത്രണത്തിലാണ്. സോവിയറ്റ് യൂണിയന്റെ തകർച്ചയ്ക്കുശേഷവും അന്തർദേശീയ രംഗത്ത് ഉണ്ടായിരിക്കുന്ന നേട്ടങ്ങൾക്കുശേഷവും പ്രത്യേകിച്ച് ഉദാരവൽക്കരണവും ഗ്ലോബലൈസേഷനും നടപ്പിലാക്കിയതിനുശേഷവും നമ്മുടെ ഉല്പന്നങ്ങൾക്ക് അന്തർദേശീയ രംഗത്ത് മൽസരിക്കുന്നതിന് കഴിയാത്ത സാഹചര്യം ഉണ്ടായിട്ടുണ്ട്. ഇതിനെ സംബന്ധിച്ച് ആദരണീ

LIBRARY ARCHIVES Kerala Legislative Assembly